| 18–05–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, നിങ്ങൾ സത്യം സത്യമായ പ്രിയതമകളായി മാറി ഒരേയൊരു പ്രിയതമനായ എന്നെ ഓർമ്മിക്കൂ, എങ്കിൽ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കും; യോഗവും പഠനവും കൊണ്ടു മാത്രമേ നിങ്ങൾക്ക് ഉയർന്ന പദവി പ്രാപ്തമാക്കാൻ കഴിയൂ.**

**ചോദ്യം:** ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിന് ബാബ കുട്ടികളോട് എന്തു സഹായമാണ് ചോദിക്കുന്നത്?
**ഉത്തരം:** കുട്ടികളേ, എനിക്ക് പവിത്രതയുടെ സഹായം വേണം - പ്രതിജ്ഞ ചെയ്യൂ-ഞാൻ കാമവികാരത്തെ തട്ടിമാറ്റി തീർച്ചയായും പവിത്രമായി മാറും. അതിരാവിലെ എഴുന്നേറ്റ് സ്വയത്തോട് സംസാരിക്കൂ - മധുരമായ ബാബാ, ഞങ്ങൾ അങ്ങയെ സഹായിക്കാൻ തയ്യാറാണ്. ഞങ്ങൾ പവിത്രമായി മാറി ഭാരതത്തെ തീർച്ചയായും പവിത്രമാക്കി മാറ്റും. ഞങ്ങൾ അങ്ങയുടെ ശിക്ഷണ പ്രകാരം തീർച്ചയായും നടക്കും. യാതൊരു തരത്തിലുള്ള പാപകർമ്മങ്ങളും ചെയ്യുകയില്ല. ബാബാ, അങ്ങയുടെ കാര്യം അത്ഭുതം തന്നെ, സ്വപ്നത്തിൽ പോലും ഇല്ലായിരുന്നു ഞങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുമെന്ന്. അങ്ങ് ഞങ്ങളെ എന്തിൽ നിന്ന് എന്താക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

**ഗീതം:** അങ്ങയുടെ വിളി കേൾക്കാൻ ആഗ്രഹിക്കുന്നു . . . . .

**ഓം ശാന്തി**. ഓമനകളായ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നാം ആത്മാക്കൾ ആ പ്രിയതമന്റെ പ്രിയതമകളാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് പ്രിയതമ-പ്രിയതമൻ എന്ന സംബന്ധം എത്ര ശക്തിശാലിയാണ്. ഈ ലോകത്തിലെ പ്രിയതമകൾക്ക് പ്രേമം ശരീരത്തോടാണ്, വികാരത്തിനു വേണ്ടി. കുട്ടികൾക്കറിയാം ആരുടെയെങ്കിലും വിവാഹം നടക്കുമ്പോൾ അവർ ഭാര്യ-ഭർത്താക്കന്മാർ എന്നു പറയുന്നുവെങ്കിലും അവരും അന്യോന്യം പതിതമാക്കി മാറ്റുന്ന പ്രിയതമ-പ്രിയതമന്മാരാണ്. വിവാഹത്തിനു മുന്നെത്തന്നെ അവർക്കറിയാം വികാരിയായി മാറുമെന്ന്. ഇപ്പോൾ നിങ്ങൾ കുട്ടികൾ പ്രിയതമമാരായിരിക്കുകയാണ് സർവ്വ ആത്മാക്കളുടേയും പ്രിയതമനായ ഒരു പ്രിയതമന്റെ . എല്ലാവരും ആ ഒരു പ്രിയതമന്റെ പ്രിയതമകളാണ്. എല്ലാ ഭക്തരും ഭഗവാന്റെ പ്രിയതമമാരാണ്. എന്നാൽ ഭക്തന്മാർക്ക് ഭഗവാനെക്കുറിച്ചറിയുകയില്ല. ഭഗവാനെക്കുറിച്ച് അറിയാത്തതു കാരണം ഭഗവാനിൽ നിന്ന് യാതൊരു ശക്തിയും ലഭിക്കുന്നില്ല. സാധു-സന്യാസി മുതലായവർ പവിത്രമായിരിക്കുക കാരണം അവർക്ക് അല്പകാലത്തേയ്ക്ക് എന്തെങ്കിലും ലഭിക്കുന്നു. നിങ്ങളാണെങ്കിൽ ഒരു പ്രിയതമന്റെ ഓർമ്മയിലിരിക്കുകയാണ്. ആ പ്രിയതമനോട് ബുദ്ധിയോഗം വെക്കുന്നു. അവർ അച്ഛനുമാണ്, ടീച്ചറുമാണ്, പതിത-പാവനനായ സർവ്വശക്തിമാനുമാണ്. ആ ബാബയുമായി നിങ്ങൾ യോഗം വെച്ച് ശക്തി പ്രാപ്തമാക്കുന്നു. നിങ്ങളുടെ ജ്ഞാനം തന്നെ വേറെയാണ്, മായയോട് ജയിക്കാനുള്ള ശക്തിയാണ് ലഭിക്കുന്നത്. അങ്ങിനെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന പ്രിയതമൻ എത്ര മാധുര്യമുള്ളവനാണ്. ആ ശാരീരിക പ്രിയതമ-പ്രിയതമന്മാർ ഒരു ജന്മത്തേക്ക് മാത്രമാണ്. നിങ്ങൾ അരക്കല്പം ഓർമ്മിച്ചു. ഇപ്പോൾ നിങ്ങൾ ബാബയെ മനസ്സിലാക്കി, അതുകൊണ്ട് വളരെയധികം ശക്തി പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ശ്രീമത പ്രകാരം നടന്ന് സ്വർഗ്ഗത്തിന്റെ ശ്രേഷ്ഠത്തിലും വെച്ച് ശ്രേഷ്ഠ അധികാരിയായി മാറുന്നു. പ്രിയതമയായി മാറുന്നത് ആത്മാവാണ്, കർത്തവ്യങ്ങൾ ചെയ്യുന്നതും ആത്മാവാണ് - കർമ്മേന്ദ്രിയങ്ങളിലൂടെ.

ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് ബാബയിൽ നിന്ന് സമ്പത്തെടുക്കണമെന്ന ആവേശം കയറിയിരിക്കുകയാണ്. വിഷത്തിന്റെ കൊടുക്കൽ-വാങ്ങലിനായി ബന്ധിക്കപ്പെട്ടിരുന്നത് ബാബ വന്ന് മുറിക്കുകയാണ്. ബാബ പറയുകയാണ് നിങ്ങൾ ഈ കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കൂ. ശാരീരിക പ്രിയതമമാർക്കും ഓരോ നിമിഷവും കഴിച്ചും കുടിച്ചും, നടന്നും ഇരുന്നും പ്രിയതമന്റെ ഓർമ്മയുണ്ടായിരിക്കുമല്ലോ. അവരിൽ ചീത്ത ഭാവനകളൊന്നുമുണ്ടാകുകയില്ല. വികാരത്തിന്റെ കാര്യമില്ല. ഇപ്പോൾ നിങ്ങൾ ഒരാളെ മാത്രം ഓർമ്മിക്കുകയാണ്. ഓർമ്മയുടെ പുരുഷാർത്ഥമനുസരിച്ച് നിങ്ങൾക്ക് ആയുസ്സ് വർദ്ധിപ്പിക്കാം. നിങ്ങളുടെ വയസ്സ് 50 ആണെന്നു ഏതെങ്കിലും ബ്രാഹ്മണൻ പറയുകയാണെന്നു കരുതൂ, ബാബ പറയുകയാണ് നിങ്ങൾക്കിപ്പോൾ യോഗബലം കൊണ്ട് ആയുസ്സ് വർദ്ധിപ്പിക്കാൻ കഴിയും. എത്രയും അധികം യോഗത്തിൽ ഇരിക്കുന്നുവോ അത്രയും ആയുസ്സ് വർദ്ധിക്കും. പിന്നീട് ഭവിഷ്യ ജന്മ-ജന്മാന്തരം ദീർഘായുസ്സുള്ളവരായി മാറും. യോഗമില്ലെങ്കിൽ ശിക്ഷകളനുഭവിക്കേണ്ടി വരും, ശേഷം പദവിയും ചെറുതായിരിക്കും. എല്ലാവരും സുഖികളായിരിക്കും, യോഗത്തിന്റെയും പഠിപ്പിന്റെയും ആധാരത്തിൽ. വ്യത്യാസം മുഴുവനും പദവിയുടെ അടിസ്ഥാനത്തിലാണല്ലോ. എത്ര പുരുഷാർത്ഥം അത്രയും ഉയർന്ന പദവി. ധനവും

നമ്പർവാറായിരിക്കും. ഒരേപോലെ എല്ലാവരും സമ്പന്നരാകുകയില്ല. അതു കൊണ്ട് ബാബ പറഞ്ഞുതരികയാണ് കുട്ടികളേ കഴിയുന്നത്രയും എന്റെ മത പ്രകാരം നടക്കൂ. അരക്കല്പം നിങ്ങൾ ആസുരീയ മത പ്രകാരം നടന്നു, ആ കാരണത്താൽ ആയുസ്സും കുറഞ്ഞിരിക്കുകയാണ്. എത്ര തന്നെ വലിയ വ്യക്തിയായാലും, ഇന്ന് ജന്മമെടുക്കുന്നു, നാളെ ശരീരം വിടുന്നു. ദാന പുണ്യങ്ങൾ ചെയ്യുകയാണെങ്കിൽ സമ്പന്ന കുടുംബത്തിൽ ജന്മമെടുക്കുന്നു. ഇപ്പോൾ ബാബ നിങ്ങൾക്ക് അവിനാശി ജ്ഞാന രത്നങ്ങളുടെ ദാനം നൽകി സഞ്ചി നിറച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എത്ര സമ്പന്നരായി മാറുന്നു. ഇതിനെ അവിനാശി ജ്ഞാന രത്നങ്ങളുടെ ദാനമെന്നു പറയാം അല്ലെങ്കിൽ സമ്പത്തെന്നു പറയാം, ബാബയിൽ നിന്നാണ് ലഭിച്ചുകൊണ്ടിരിക്കന്നത്. നിങ്ങൾ ബാബയിൽ നിന്ന് സമ്പത്തെടുക്കുകയാണെങ്കിൽ നിങ്ങൾ മറ്റുള്ളവർക്ക് വഴി പറഞ്ഞുകൊടുക്കണം. നാം ഭഗവാന്റെ കുട്ടികളാണെങ്കിൽ തീർച്ചയായും ഭഗവാൻ ഭഗവതി പദവി ലഭിക്കണം. ഭാരതത്തിലാണ് പറഞ്ഞു വരുന്നത് ഗോഡസ് ലക്ഷ്മി, ഗോഡ് നാരായണൻ. പുതിയ ലോകത്തിൽ ദേവി-ദേവത തന്നെയാണ് രാജ്യം ഭരിക്കുന്നത് കാരണം ഗോഡ് മുഖേനയാണ് പദവി ലഭിച്ചിരിക്കുന്നത്. എന്നാൽ ബാബ പറയുകയാണ് അവരെ ഗോഡ് ഗോഡസ്സ് എന്നു പറയുകയാണെങ്കിൽ, എതുപോലെ രാജാ-റാണി അതേപോലെ പ്രജകളേയും ഗോഡ്-ഗോഡസ്സ് എന്നു പറയേണ്ടി വരും, അതുകൊണ്ടാണ് ദേവി-ദേവത എന്ന് പറയപ്പെടുന്നത്.

നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. പരംപിതാ പരമാത്മാവിന്റെ ശ്രീമത പ്രകാരം നാം രാജയോഗം പഠിക്കുകയാണ്. പിന്നീട് രാജ്യഭാഗ്യം പ്രാപ്തമാക്കും. പരമാത്മാവ് തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നതെങ്കിൽ, തീർച്ചയായും നരകത്തിൽ വരേണ്ടിയിരിക്കുന്നു, അപ്പോഴെ നരകത്തെ സ്വർഗ്ഗമാക്കാൻ കഴിയുകയുള്ളൂ. ആരാണോ കല്പം മുന്നെ ആയത്, അവർ തന്നെയാണ് വീണ്ടും ആകുന്നത്. എല്ലാവരും ഒരേപോലെയായിരിക്കുകയില്ല, നമ്പർവാറാണ് പുരുഷാർത്ഥം ചെയ്യുന്നത്. ഇന്ന് ധൈര്യം വെച്ച് കുട്ടികൾ സ്വയം മുന്നോട്ട് വന്ന് പറയുന്നു - ബാബാ ഇന്ന കുട്ടിക്ക് വളരെയധികം അടികിട്ടുന്നു, ഞാൻ അവരെ രക്ഷിക്കാനായി വിവാഹം കഴിക്കാം. ഇത് ശരി തന്നെ, എന്നാൽ ജ്ഞാനത്തിന്റെ ശക്തി വേണം, ധാരണ വേണം. എത്രയും അധികാരികളേയും പ്രജകളേയുമുണ്ടാക്കുന്നുവോ, മുള്ളുകളെ പുഷ്പമാക്കി മാറ്റാനുള്ള സേവനം ചെയ്യുന്നുവോ, അത്രയും ഉയർന്ന പദവി ലഭിക്കും. എത്ര പരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു. ഇങ്ങിനെ പലരും വിദേശത്തും ഉണ്ട്. കൂട്ടുകാരായി, കൂടെ താമസിക്കുന്നു, പക്ഷെ പവിത്രമായിരിക്കുന്നു. പിന്നീട് സർവ്വ സമ്പത്തും സ്ത്രീക്കു നൽകുകയോ അല്ലെങ്കിൽ ദാനം നൽകുകയോ ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരംപിതാ പരമാത്മാവിനെ പ്രിയതമനായി ലഭിച്ചിരിക്കുകയാണ്, പരമാത്മാവ് നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണെങ്കിൽ, പരമാത്മാവിന്റെ ഓർമ്മ എത്ര ഉണ്ടായിരിക്കേണ്ടതാണ്. അങ്ങിനെയുള്ള അച്ഛനെ വളരെ ഓർമ്മിക്കേണ്ടതാണ്. നിങ്ങൾ കുട്ടികൾ മാത്രമേ ബാബയെ തിരിച്ചറിയുന്നുള്ളൂ, അല്ലാതെ സാധു-സന്യാസികളൊന്നും ബാബയെ തിരിച്ചറിയുന്നില്ല. ഇവിടെ ബാബ കുട്ടികളുടെ സന്മുഖമിരിക്കുകയാണ്. ഈ സമയത്ത് ചിലർ പവിത്രമായി ഇരിക്കുന്നുണ്ടാകാം, എന്നാൽ അവർക്ക് പവിത്രതയുടെ ബലം, നിങ്ങൾക്ക് ലഭിക്കുന്നത്രയും ലഭിക്കാൻ കഴിയുകയില്ല കാരണം അവർ ബാബയെ തിരിച്ചറിയുന്നേയില്ല. ആത്മാവു തന്നെയാണ് പരമാത്മാവ് അല്ലെങ്കിൽ ബ്രഹ്മം തന്നെയാണ് പരമാത്മാവ് - എന്നു പറയുകയാണ്. അനേകാനേക മത മതാന്തരങ്ങളുണ്ട്. ഇവിടെ നിങ്ങളെല്ലാവരുടേയും ഒരേയൊരു അദ്വൈത മതമാണ്. മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിനുള്ള മതം ലഭിക്കുകയാണ് ബാബയിൽ നിന്ന്. മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നതിൽ സമയമൊന്നും വേണ്ട. അഴുക്കു പിടിച്ച മനുഷ്യരെ പവിത്രമാക്കി മാറ്റുകയാണ്. മഹിമയുണ്ടല്ലോ. ബാക്കി ശാസ്ത്രങ്ങളെല്ലാം വളരെ പേർ കേൾക്കുന്നുണ്ട്, പഠിച്ചു കൊണ്ടേ വന്നിരിക്കുകയാണ്, എന്നാൽ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമില്ല. ഇപ്പോൾ ബാബ വന്നിരിക്കുകയാണെങ്കിൽ ബാബയുടെ സത്യം സത്യമായ പ്രിയതമയായി മാറൂ. ബുദ്ധിയോഗം വേറെ എവിടേയും പോകരുത്. ഗൃഹസ്ഥ വ്യവഹാരത്തിലുമിരിക്കാം, പക്ഷെ കമല പുഷ്പ സമാനം പവിത്രമായിരിക്കണം. ഭക്തി മാർഗ്ഗത്തിൽ ചിലർ ഹനുമാനെ, ചിലർ ഗണേശനെ, ചിലർ വേറെയാരെയെങ്കിലുമൊക്കെ വിശ്വസിച്ചുവന്നു. എന്നാൽ അവർ ആരും തന്നെ ഭഗവാനല്ലല്ലോ. ശിവബാബയുടെ പേരും ഓർമ്മയുണ്ടായിരിക്കാം, എന്നാൽ മനസ്സിലാക്കിയിട്ടില്ലല്ലോ. പരമാത്മാവിനെ കല്ലിലും മുള്ളിലും ഇട്ടിരിക്കുകയാണ്. ബുദ്ധിതന്നെ കെട്ടു പിണഞ്ഞിരിക്കുകയാണ്, ബാബക്കല്ലാതെ ഇതിനെ ശരിയാക്കാൻ കഴിയുകയില്ല. ഭഗവാനെ ആർക്കും ലഭിക്കുന്നില്ല. സ്വയം ഭഗവാൻ പറയുകയാണ് എപ്പോഴാണോ ഭക്തി പൂർത്തിയാകുന്നത് അപ്പോഴാണ് ഞാൻ വരുന്നത്. അരക്കല്പം ഭക്തി മാർഗ്ഗം നടക്കുന്നു, രാത്രിയും പകലും. തുടക്കത്തിൽ എപ്പോഴാണോ പ്രവേശതയുണ്ടായത്, അപ്പോൾ ഭിത്തിയിൽ അങ്ങിനെയങ്ങിനെ ചക്രം വരച്ചുകൊണ്ടിരുന്നു, ചെറിയ കുട്ടികൾ ചെയ്യുന്നതു പോലെ. ഒന്നും മനസ്സിലായിരുന്നില്ല. ഞാനും നിങ്ങളും ചെറിയ കുട്ടികളായിരുന്നു, പിന്നെ പതുക്കെ പതുക്കെ ബുദ്ധിയിൽ വരാൻ തുടങ്ങി. ഇപ്പോൾ നിങ്ങൾ പഠിച്ച് പഠിച്ച് മിടുക്കന്മാരായിരിക്കുക

യാണ്, നിങ്ങൾക്ക് വളരെ സഹജ രീതിയിൽ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനും കഴിയും. ഇങ്ങിനെ കരുതേണ്ട, ഇത് വളരെ പഴയ കുട്ടിയാണ്, എന്നെക്കാളും വളരെ മിടുക്കനാണ്. എനിക്ക് ഇത്രയും പഠിക്കാൻ കഴിയുകയില്ല. ബാബ പറയുകയാണ് അവസാനം വരുന്നവർക്ക് വളരെ മുന്നിൽ പോകാൻ കഴിയും. അവസാനം വരുന്നവർ രാവും പകലും യോഗത്തിൽ വളരെ ലഹരിയോടെയിരിക്കും. ഓരോ ദിവസം ചെല്ലും തോറും നല്ല നല്ല പോയിന്റുകൾ ലഭിച്ചുകൊണ്ടിരിക്കും. പരംപിതാ പരമാത്മാവ് സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ പരമാത്മാവിൽ നിന്ന് സമ്പത്ത് ലഭിക്കണമല്ലോ. സത്യയുഗത്തിൽ സമ്പന്നരായിരുന്നു, ഇപ്പോൾ അല്ല, അതുകൊണ്ട് ബാബ വീണ്ടും നൽകാൻ വേണ്ടി വന്നിരിക്കുകയാണ്. ജ്ഞാനം കുട്ടികൾക്ക് മനസ്സിലാകാൻ വേണ്ടി എത്ര ഉപായങ്ങളാണ് സ്വീകരിക്കുന്നത്, മാത്രമല്ല യോഗത്തിൽ ഇരിക്കുകയും വേണം. ചിലർ പറയുകയാണ് ഞങ്ങൾക്ക് സമയമില്ല. ഈ ഓർമ്മകൊണ്ടു തന്നെയാണ് നിങ്ങൾ സദാ നിരോഗിയായി മാറുന്നത്. അങ്ങിനെയാണെങ്കിൽ ആ പണിയിൽ ഏർപ്പെടേണ്ടതല്ലേ. ഇതിൽ സ്ഥൂലത്തിൽ ഒന്നും ചെയ്യേണ്ട കാര്യമില്ല. ലൗകിക പിതാവിന്റെ ഓർമ്മയുണ്ട്, എന്തുകൊണ്ടാണ് പാരലൗകിക പിതാവിനെ മറക്കുന്നത്? ബാബ പറയുകയാണ് നിങ്ങൾ ഭാരതവാസികൾക്ക് അയ്യായിരം വർഷം മുമ്പെയും സമ്പത്ത് നൽകിയിരുന്നുവല്ലോ. നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു –എന്താ നിങ്ങളിത് മറന്നുവോ? നിങ്ങൾ സൂര്യവംശികളായിരുന്നു, പിന്നീട് ചന്ദ്രവംശി, വൈശ്യ വംശികളായി. ഇപ്പോൾ വീണ്ടും ബ്രാഹ്മണ വംശികളാക്കാൻ വേണ്ടി ഞാൻ വന്നിരിക്കുകയാണ്. ബ്രാഹ്മണനായി മാറിയാലേ യജ്ഞത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ബ്രാഹ്മണർക്ക് ഒരിക്കലും വികാരികളാകാൻ കഴിയുകയില്ല. അവസാനം വരെയും പവിത്രമായിരിക്കുക തന്നെവേണം, അപ്പോൾ മാത്രമേ പുതിയ ലോകത്തിന്റെ അധികാരികളാകാൻ കഴിയൂ. എത്ര വലിയ പ്രാപ്തിയാണ്. പക്ഷെ നിങ്ങൾ ബാബയെ ഓർമ്മിക്കുന്നില്ല. കുട്ടികളായി മാറി അച്ഛനെ ഓർക്കാതിരിക്കുക, ഇങ്ങിനെ എവിടെയെങ്കിലുമുണ്ടോ? ബാബയെ മറക്കുകയാണെങ്കിൽ എങ്ങിനെ സമ്പത്ത് ലഭിക്കും? ഇത് വരുമാന മാർഗ്ഗമല്ലേ. സാധു–സന്യാസികളുടെ പക്കൽനിന്ന് യാതൊരു പ്രാപ്തിയുമില്ല. പവിത്രതയുടെ ബലം മാത്രമേയുള്ളൂ, ഈശ്വരീയ ബലമില്ല. ഈശ്വരനെ അറിയുന്നേയില്ല, പിന്നെ എങ്ങിനെ ബലം ലഭിക്കും? ബലം നിങ്ങൾക്ക് ലഭിക്കുന്നു. ബാബ സ്വയം പറയുകയാണ് ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റാൻ വന്നിരിക്കുകയാണ്. നിങ്ങൾക്ക് കുറച്ചു സമയത്തേക്ക് പവിത്രമായിരിക്കാൻ കഴിയുകയില്ലേ? ക്രോധമാണ് രണ്ടാം നമ്പർ ഭൂതം. വലിയതിലും വലിയ ഭൂതമാണ് കാമം. സത്യയുഗത്തിൽ ഭാരതം നിർവികാരിയായിരുന്നു, എത്ര സുഖികളായിരുന്നു. വികാരിയായി മാറിയപ്പോൾ ഭാരതത്തിന്റെ സ്ഥിതി എന്തായിരിക്കുകയാണ്! ബാബ വീണ്ടും ഭാരതത്തെ നിർവികാരിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്, എങ്കിൽ അങ്ങിനെയുള്ള ബാബയെ ഓർമ്മിക്കാൻ നിങ്ങൾ കുട്ടികൾക്ക് മറക്കാൻ കഴിയുമോ? മായ പെട്ടെന്ന് വികർമ്മം ചെയ്യിപ്പിക്കുകയാണ്. എത്ര ഉയർന്ന ലക്ഷ്യമാണ്. നിങ്ങൾക്ക് ഇങ്ങിനെയുള്ള അച്ഛന്റെ ശ്രീമതപ്രകാരം നടക്കാൻ കഴിയില്ലേ! ഇങ്ങിനെയുള്ള അച്ഛനോട് സ്നേഹമില്ലേ! പറയുകയാണ്, മറന്നു പോകുന്നു, ശരി ഒരു മണിക്കൂർ, അരമണിക്കൂർ.... ഏറ്റവും ചുരുങ്ങിയത് ഇത്രയെങ്കിലും അതായത് അവസാന നിമിഷം ബാബയുടെ ഓർമ്മയുണ്ടാകത്തക്ക വിധത്തിൽ. ഇത് അവസാന കാലമല്ലേ. അവസാന സമയം ആരാണോ നാരായണനെ സ്മരിക്കുന്നത് .... ഞാൻ നാരായണനായി മാറുകയാണ്. നിങ്ങളും ആകുന്നുവല്ലോ. ബാബ പറയുകയാണ് പൂർണ്ണ രീതിയിൽ പ്രിയതമയായി മാറണം. ബാബ ദാതാവാണ്. ബാബയെ തന്റേതാക്കി മാറ്റുകയാണെങ്കിൽ ബാബ വഴി പറഞ്ഞു തരും. രണ്ടാനമ്മയുടെ മക്കൾക്ക് വഴി പറഞ്ഞുകൊടുക്കുകയില്ല. ബാബ ദാതാവാണ്. നിങ്ങളിൽ നിന്ന് എന്തെങ്കിലും ബാബ എടുക്കുന്നുണ്ടോ? നിങ്ങൾ എന്തെല്ലാം ചെയ്യുന്നുവോ എല്ലാം നിങ്ങൾക്കു വേണ്ടിയാണ്. ഞാൻ വിശ്വത്തിന്റെ അധികാരിയും ആകുന്നില്ല. ഇങ്ങിനെ ഒരിക്കലും കരുതരുത് നാം ബാബക്ക് ദാനം നൽക്കുകയാണ്. അല്ല, ശിവ ബാബയിൽ നിന്ന് സമ്പത്തെടുക്കുകയാണ്. മരിക്കുന്ന സമയത്ത് ദാനം നല്കിക്കാറുണ്ടല്ലോ. എല്ലാവരും നൽകാറുണ്ട്. നിങ്ങളുടെ പക്കൽ ഉള്ളതും എന്താണ്? പൊട്ടിയതും പൊളിഞ്ഞതും പരമാത്മാവിന് നൽകുന്നു. നിങ്ങളുടെ ഈ കാണുന്നതെല്ലാം തന്നെ നശിക്കാൻ പോകുകയാണ്. മരിക്കുന്നതിൽ പേടിയൊന്നുമില്ലോ. ബാബ പറയുകയാണ് ഈ വൃത്തികെട്ട ലോകത്തിൽ നിന്ന് മരിച്ചുപോകുന്നതാണ് നല്ലത്. അയ്യായിരം വർഷം മുമ്പെയും കൊതുകിൻ കൂട്ടത്തെപ്പോലെ എല്ലാവരേയും കൊണ്ടു പോയിരുന്നു. ഞാൻ നിങ്ങളുടെ കാലന്റെ കാലനായ അച്ഛനുമാണ്. നിങ്ങളെ അരക്കല്പത്തേയ്ക്ക് കാലനിൽ നിന്ന് മോചിപ്പിക്കുകയാണ്. അവിടെ ആത്മാവ് സ്വതന്ത്രമാണ്. ശരീരം എപ്പോൾ പഴയതാകുന്നുവോ, അപ്പോൾ പുതിയതെടുക്കുന്നു. ഇപ്പോഴും പറയുകയാണ് ബാബയുടെയടുത്ത് പോകണമെങ്കിൽ അതി രാവിലെ എഴുന്നേറ്റ് ബാബയോട് സംസാരിക്കൂ. ബാബാ, അങ്ങയുടെ കാര്യം അത്ഭുതം തന്നെ, സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല അങ്ങ് വന്ന് ഞങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കിമാറ്റുമെന്ന്. ഞങ്ങൾ ഘോരമായ ഇരുട്ടിലായിരുന്നു. ബാബാ, അങ്ങയുടെ കാര്യം അത്ഭുതം തന്നെ. അങ്ങയുടെ ശ്രീമതമനുസരിച്ച് തീർച്ചയായും നടക്കാം. യാതൊരു തരത്തിലുള്ള പാപകർമ്മവും ചെയ്യുകയില്ല. കാമവികാരത്തിൽ ഒരിക്കലും പോകുകയില്ല. പവിത്രത

യുടെ പ്രതിജ്ഞ ചെയ്യൂ. ബാബാ, മധുരമായ ബാബാ, ഞങ്ങൾ അങ്ങയുടെ സഹായമെടുക്കാൻ സന്നിഹിതരാണ്. . . . ഇങ്ങിനെ ബാബയോട് സംസാരിക്കണം. ബാബ (ബ്രഹ്മാബാബ) എങ്ങിനെയാണോ പുരാഷാർത്ഥം ചെയ്യുന്നത്, അത് കുട്ടികളെ കേൾപ്പിക്കുകയാണ്. ബാബാ, ഞങ്ങൾ അശരീരിയായാണ് ഇവിടെ വന്നിരുന്നത് . . ഇപ്പോൾ ഓർമ്മ വരികയാണ്. ഈ പഴയ ലോകത്തെ മറക്കാനുള്ള പുരുഷാർത്ഥം ചെയ്യണം. ശിവബാബക്ക് വളരെയധികം കുട്ടികളുണ്ട്. ചിന്തയുമുണ്ടായിരിക്കുമല്ലോ. ബ്രഹ്മാബാബയ്ക്കും ചിന്തയുണ്ടായിരിക്കുമല്ലോ! എത്ര കുട്ടികളാണ്, എത്രയും സംരക്ഷണമാണ് കൊടുക്കുന്നത്. കുട്ടികൾ വളരെ സുഖമായിരിക്കട്ടെ. ഇവിടെ നിങ്ങൾ ഈശ്വരീയ വീട്ടിലാണല്ലോ. യാതൊരു സംഗദോഷവുമില്ല. ബാബ സന്മുഖമിരിക്കുകയാണ്. അങ്ങയോടൊപ്പമേ കഴിക്കൂ, ഇരിക്കൂ . . . നിങ്ങൾ കുട്ടികൾക്കറിയാം ശിവബാബ ഈ ശരീരത്തിൽ വന്ന് കുട്ടീ, കുട്ടീ എന്നു പറയുകയാണ്. പറയുകയാണ് എന്റെ ഓമന സന്താനങ്ങളേ, പ്രതിജ്ഞ ചെയ്യൂ ഒരിക്കലും വികാരത്തിൽ പോകുകയില്ല. എനിക്ക് പവിത്രതയുടെ സഹായം നൽകൂ, ഭാരതത്തെ പവിത്രമാക്കി മാറ്റുന്നതിന്. കുട്ടികൾ ധൈര്യം കാണിക്കുകയാണെങ്കിൽ ബാബയുടെ സഹായം തീർച്ചയായും ലഭിക്കും . . . നിങ്ങൾക്ക് ഓർമ്മ വരുന്നില്ലേ. കല്പ-കല്പം നമ്മൾ ഈ കാര്യമാണ് ചെയ്യുന്നത്, ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. ആരാണോ പരിശ്രമം ചെയ്യുന്നത് അവർ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു. കോൺഗ്രസ്സുകാർ ഗാന്ധിജിക്ക് എത്ര സഹായമാണ് നൽകിയത്. ഇപ്പോൾ നോക്കൂ രാജ്യം ലഭിച്ചു . . . എന്നാൽ രാമരാജ്യമായില്ലല്ലോ. ഓരോ ദിവസം തോറും കൂടുതൽ തമോപ്രധാനമായിക്കൊണ്ടിരിക്കുകയാണ്. ബാബ വന്ന് സുഖധാമത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. അരക്കല്പം സുഖികളായിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. സത്യം സത്യമായ പ്രിയതമയായി മാറണം. ബുദ്ധിയോഗം ഒരേയൊരു ബാബയുടെ കൂടെയായിരിക്കണം. ബുദ്ധി അവിടെയും ഇവിടെയും അലയരുത് ഇക്കാര്യത്തിൽ ശ്രദ്ധിക്കണം.

2. പ്രാപ്തിയെ മുന്നിൽ വെച്ചുകൊണ്ട് ബാബയെ നിരന്തരം ഓർമ്മിക്കണം. തീർച്ചയായും പവിത്രമായിമാറണം. ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള ജോലി ചെയ്യണം.

## വരദാനം:-മഹാവീരരായി മാറി ഓരോ സമസ്യകൾക്കും പരിഹാരം കണ്ടെത്തുന്ന സദാ നിർഭയരും വിജയിയുമായി ഭവിക്കട്ടെ.

മഹാവീരർക്ക് ഒരിക്കലും ഈ ഒഴിവ്-കഴിവ് പറയാൻ കഴിയില്ല അതായത് സാഹചര്യം അങ്ങനെയായിരുന്നു, സമസ്യ അങ്ങനെയുള്ളതായിരുന്നു, അതിനാൽ തോറ്റുപോയി. സമസ്യകളുടെ ജോലിയാണ് വരിക എന്നത്, മഹാവീരന്റെ ജോലിയാണ് സമസ്യക്ക് സമാധാനം കാണുക, അല്ലാതെ തോൽക്കലല്ല. മഹാവീരർ അവരാണ് ആരാണോ സദാ നിർഭയരായി വിജയിയാകുന്നത്, ചെറുതും വലുതുമായ പ്രശ്നങ്ങളിൽ ബലഹീനരാകാത്തത്. മഹാവീരരായ വിജയി ആത്മാക്കൾ ഓരോ ചുവടിലും ശരീരം കൊണ്ടും മനസ്സ് കൊണ്ടും സന്തുഷ്ടരായിരിക്കുന്നു, അവർ ഒരിക്കലും ഉദാസീനരായിരിക്കില്ല. അവരുടെയടുത്ത് ദു:ഖത്തിന്റെ അലകൾ സ്വപ്നത്തിൽ പോലും വരിക സാദ്ധ്യമല്ല.

## സ്ലോഗൻ:- സർവ്വരെയും പ്രതി മംഗളഭാവന വെക്കുക- ഇത് തന്നെയാണ് ജ്ഞാനീ-യോഗീ ആത്മാവിന്റെ ലക്ഷണം.